**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2799** **12-07-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി സങ്കേത അതിർത്തി നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണോ ; എങ്കിൽ അതിർത്തി പുനർനിർണ്ണയിച്ച് ജനവാസ കേന്ദ്രങ്ങളെ ബഫർ സോൺ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനു വേണ്ട നപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ചട്ടം 26 എ (3) പ്രകാരം വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച അധികാരം ദേശീയ വന്യജീവി ബോർഡിൽ നിക്ഷിപ്തമാണ്.** |
| (ബി) | കേരള ഫോറസ്റ്റ് ആക്ട് പ്രകാരം വന്യജീവി സങ്കേതത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രത്യേക സംരക്ഷിത മേഖലയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | **പ്രഖ്യാപിച്ചിട്ടില്ല.** |
| (സി) | വന്യജീവി സങ്കേതത്തിന്റെ ബഫർ സോണിൽ ഉൾപ്പെടുന്ന ജനവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനായി നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (സി) | **ബഫർ സോൺ (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സ്വീകരിച്ചുവരുന്ന നടപടികൾ അന്തിമമായിട്ടില്ലാത്തതിനാൽ നിലവിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഭേദഗതി വരുത്തി സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസലുകൾ ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ളതാണ്.** |

സെക്ഷൻ ഓഫീസർ